നിലയിൽ ടി ഗുളികകൾ കണ്ടെത്തുകയുണ്ടായി. ഇതിന്റെ ലേബലിൽ താഴെപ്പറയുന്ന പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു :

Importer :- Alternative Health Care Solutions 32/137 B1, Appolo Road, Thammanam P.O, Kochi.

Supplier :- Shantona Shengai Health Product Co, Ltd, Industrial Port, China

പരിശോധനയിൽ Calcium Chewable Tablet 1500 mg എന്ന ഗുളികകൾ ഗണ്യമായ അളവിൽ ഡ്രമ്മുകളിൽ സൂക്ഷിച്ചതായി കണ്ടെത്തി. ടി മരുന്നുകൾ ഇറക്കുമതി ചെയ്തതിനുശേഷം ഈ സ്ഥാപനത്തിൽവെച്ച് 60 ഗുളികകൾവീതം പ്ലാസ്റ്റിക് ബോട്ടിലുകളിൽ അടക്കം ചെയ്ത് ബാച്ച് നമ്പർ Mfd., MRP എന്നിവ നിശ്ചയിച്ച് ലേബൽ ചെയ്ത് അലുമിനിയം ഫോയിൽ ഉപയോഗിച്ച് സീൽ ചെയ്ത് നിർമ്മാണം നടത്തി വിൽക്കുന്നതായി ബോധ്യപ്പെട്ടു. അലോപ്പതി മരുന്നുകൾ നിർമ്മിക്കുന്നതിനോ വിൽപ്പനയ്ക്കായി സൂക്ഷിക്കുന്നതിനോ വിൽപ്പനയ്ക്കോ ആവശ്യമായ ഡ്രഗ് ലൈസൻസുകൾ ഇല്ലാത്തതിനാൽ ഇത് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിന്റെ ചട്ടങ്ങൾക്ക് വിരുദ്ധവും കുറ്റകരവുമായതിനാൽ ബന്ധപ്പെട്ട രേഖകൾ ഡ്രഗ്സ് ഇൻസ്പെക്ടർ കസ്റ്റഡിയിൽ എടുത്ത് എറണാകുളത്തുള്ള ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോർട്ട് I-ൽ 30-1-2013 തീയതിയിൽ സമർപ്പിക്കുകയും ഇതിന്റെ ഉടമയായ ശ്രീ. ജോസി മാത്യുവിനെതിരെ കോടതിയിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുമുണ്ട്.

ജനറിക് മരുന്നുകളുടെ സൗജന്യ വിതരണം

152 (817) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനറിക് മരുന്നുകളുടെ സൗജന്യ വിതരണം എന്ന് മുതൽ ആരംഭിച്ചുവെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്കായി വർഷം തോറും എത്ര രൂപ ചെലവാകുമെന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ജനറിക് മരുന്നുകളുടെ വിതരണം സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ഡി) ജനറിക് മരുന്നുകളുടെ സൗജന്യ വിതരണസംവിധാനം കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിനായി എന്തെല്ലാം നടപടികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മന്ത്രിസഭയുടെ ഒന്നാം വാർഷികവുമായി ബന്ധപ്പെട്ട് 1-11-2012-നാണ് ജനറിക് മരുന്നുകളുടെ സൗജന്യ വിതരണം ആരംഭിച്ചത്. ഈ പദ്ധതി ആദ്യം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജനറൽ ആശുപത്രികളിലും മെഡിക്കൽ കോളേജിലുമാണ് ആരംഭിച്ചത്. ഇപ്പോൾ എല്ലാ സർക്കാർ ആശുപത്രികളിലും ഈ പദ്ധതിവഴി സൗജന്യമായ ജനറിക് മരുന്നുകൾ വിതരണം ചെയ്യുന്നുണ്ട്.

(ബി) ശരാശരി 300 കോടി രൂപ ചെലവാകും.

(സി) നിലവിൽ പരാതികൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

(ഡി) ജനറിക് മരുന്നുകളുടെ സൗജന്യ വിതരണ സംവിധാനം കാര്യക്ഷമവും കുറ്റമറ്റതും ആക്കിതീർക്കുന്നതിനായി നടപ്പുസാമ്പത്തിക വർഷത്തെ മരുന്ന് പട്ടിക പുനഃപരിശോധന ഉൾപ്പെടെയുള്ള കാര്യങ്ങൾ ആരോഗ്യവകുപ്പ് ഡയറക്ടർ, ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ, ഡ്രഗ്സ് കൺട്രോളർ, ഗവ.ഫാർമസി കോളേജ് വിഭാഗം മേധാവി തുടങ്ങിയവർ ഉൾപ്പെട്ട ഉന്നത ഉദ്യോഗസ്ഥരുടെ മേൽ നോട്ടത്തിൽ നടത്തുകയും അതനുസരിച്ചുള്ള ഇൻഡന്റ് ലഭ്യമായ ഉടൻ ഇ-ടെണ്ടറായി ക്ഷണിക്കുകയും ചെയ്തു. ഇതിലൂടെ ടെണ്ടർ നടപടികൾ കുറ്റമറ്റതും സുതാര്യത ഉറപ്പുവരുത്തുന്നതും ആക്കുവാൻ കോർപ്പറേഷന് സാധിച്ചിട്ടുണ്ട്. പ്രസ്തുത മരുന്നുകൾക്കുള്ള പർച്ചേസ് ഓർഡറുകൾ ആവശ്യകതയുടെയും ഉപഭോഗത്തിന്റെയും ഇൻഡന്റിന്റെയും അടിസ്ഥാനത്തിൽ നൽകുകയും അതനുസരിച്ച് ലഭ്യമാകുന്ന മരുന്നുകൾ ആവശ്യാനുസരണം ആശുപത്രികൾക്ക് വിതരണം ചെയ്തുവരുന്നു. ആദ്യം കാലാവധി കഴിയുന്ന മരുന്നുകൾ ആദ്യം വിതരണം നടത്തുന്ന രീതിയാണ് (FEFO- First Expiry First Out method) കോർപ്പറേഷൻ സ്വീകരിച്ചുവരുന്നത്. ഇതിലൂടെ മരുന്നുകൾ കാലാവധി കഴിഞ്ഞ് നശിക്കുന്നത് പരമാവധി കുറയ്ക്കുവാൻ സാധിക്കുന്നു.

808/17

LIBRARY ARCHIVES Kerala Legislative Assembly